## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2483 | 19.06.2013 -ൽ മറുപടിക്ക്.

### അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ - ക്ഷേമ സംരംഭങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ ക്ഷേമ സംരക്ഷണങ്ങൾക്കു വേണ്ടി തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) അന്യ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന കേന്ദ്രങ്ങളിലും താമസിക്കുന്ന സ്ഥലങ്ങളിലും പരിശോധനകൾ നടത്തുകയും ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ജില്ലകൾ തോറും മെഡിക്കൽ ക്യാമ്പുകൾ നടത്തി സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നുണ്ട്. കിലെയുമായി സഹകരിച്ച് ബോധവത്ക്കരണ പരിപാടകളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ മൊബൈൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു. |
| (ബി) അന്യ സംസ്ഥാന തൊഴിലാളികളെ വലിയ തോതിൽ കൊണ്ടുവന്ന് കടുത്ത തൊഴിൽ ചൂഷണത്തിന് വിധേയരാക്കുന്ന വൻകിട സ്ഥാപനങ്ങളേയും വ്യക്തികളേയും നിരീക്ഷിക്കാനും ചൂഷണത്തിന് അറുതി വരുത്താനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | (ബി) അന്യ സംസ്ഥാന തൊഴിലാളികൾ ചൂഷണത്തിനു വിധേയരായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ.